Deivarajyam January 2017
• R.N.7623/63
Registered No. KL/ALY/0020/2017-2019 • R.N. 7623/1963
Date of publication: 1/1/2017
• Posted at Thodupuzha Stg.
Annual Subscription ₹ 100.00



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

വാല്യം 56
ജനുവരി 2017
ലക്കം 1



**നവവൈദികർക്ക് രൂപതാകുടുംബത്തിന്റെ**
**അഭിനന്ദനങ്ങളും ആശംസകളും**



Fr. Antony
Njaliparambil
26 Dec. 2016
Mob. 7558802955



Fr. Zacharias
Kallidukkil
27 Dec. 2016
Mob. 8411914675



Fr. Varghese
Paramel
28 Dec. 2016
Mob. 8547848309



Fr. Sebastian
Konthempillil
28 Dec. 2016
Mob. 9747499241



Fr. Mathew
Mundackal
29 Dec. 2016
Mob. 9446064216



Fr. Abraham
Parackal
31 Dec. 2016
Mob. 9526028690



Fr. George
Peechanikunnel
01 Jan. 2017
Mob. 9400173364



Fr. Sebastian
Thumbamattathil
02 Jan. 2017
Mob. 8281136402



Fr. Mathew
Puthenkulam
03 Jan. 2017
Mob. 9656765060

# CARE A FAMILY
# (CAF)

## A FAMILY WELFARE PROGRAMME OF THE DIOCESE OF KOTHAMANGALAM

**'വിഷൻ 2020' ന്റെ പശ്ചാത്തലത്തിൽ കാരുണ്യവർഷ സമാപനത്തിൽ കോതമംഗലം രൂപതയിൽ നടപ്പിലാക്കുന്ന സമഗ്ര കുടുംബക്ഷേമ പദ്ധതി**

## കുടുംബത്തിന് ഒരു കൈത്താങ്ങ്

**കരുണയോടെ**
**കുടുംബങ്ങളിലേക്ക്**
**കടന്നുവരുവാൻ**
**കോതമംഗലം രൂപത**
**സ്നേഹപൂർവം ക്ഷണിക്കുന്നു**

# ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS





*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 56**
**ജനുവരി 2017**
**ലക്കം 1**



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| അമ്പതാം ലോകസമാധാന ദിനാഘോഷം: ജനുവരി 1, 2017 സർക്കുലർ | 5 |
| കെസിബിസി സർക്കുലർ -കർഷകദിനം | 15 |
| രൂപതക്കച്ചേരി | 19 |
| മൈനർ സെമിനാരി | 27 |
| വിജ്ഞാനഭവൻ | 28 |
| വിദ്യാഭ്യാസം | 32 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പമിഷൻലീഗ് | 35 |
| കെ.സി.എസ്.എൽ. | 37 |
| DFC | 43 |
| സോഷ്യൽ സർവീസ് | 45 |
| യുവദീപ്തി | 46 |
| ജീസസ് യൂത്ത് | 47 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 47 |
| DCMS | 48 |
| KCBCവനിതകമ്മീഷൻ | 48 |
| എ.കെ.സി.സി. | 49 |
| പ്രാർത്ഥനാഗ്രൂപ്പ് | 50 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 50 |
| നെസ്റ്റ് പ്രോഗ്രാം | 51 |
| തിരുനാൾ മംഗളങ്ങൾ | 52 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 52 |
| ബിഷപ്സ് പ്രോഗ്രാം | 57 |
| പ്രാർത്ഥനയിൽ ഓർക്കാം | 58 |
| നിര്യാതരായി | 58 |




## ഓർമ്മിക്കാൻ

### ജനുവരി

| | | |
|---|---|---|
| 4-6 | - | Premarriage Course |
| 6-12 | - | പ്രേഷിതവരാചരണം |
| 7-8 | - | കെ.സി.വൈ.എം. വാർഷിക കൗൺസിൽ |
| 13 | - | ജീസസ് യൂത്ത് നൈറ്റ് വിജിൽ |
| 17 | - | Study forum for Priests |
| 18-20 | - | Premarriage Course |
| 18-25 | - | സഭൈക്യവാരം |
| 20 | - | ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ് |
| 24 | - | Study forum for Priests |
| 27-28 | - | ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ് |
| 28 | - | തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമം |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | നമ്മുടെ കർത്താവിന്റെ നാമകരണം<br>ദൈവമാതൃത്വത്തിരുനാൾ |
| 03 | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 06 | : | ദനഹാത്തിരുനാൾ |
| 13 | : | വി. യോഹന്നാൻ മാംദാന |
| 20 | : | വി. സെബസ്ത്യാനോസ് |
| 20 | : | വി. പത്രോസ്, വി. പൗലോസ് |
| 27 | : | വി. സുവിശേഷകന്മാർ |
| 28 | : | വി. തോമസ് അക്വീനാസ് |

Ref: 2996/K 35/OL/KCBC/DS

# അമ്പതാം ലോകസമാധാനദിനാഘോഷം: ജനുവരി 1, 2017

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

## അക്രമരാഹിത്യം: സമാധാനത്തിനുള്ള രാഷ്ട്രീയ ശൈലി

1. ഈ വർഷാരംഭത്തിൽ ലോകജനതകൾക്കും രാഷ്ട്രങ്ങൾക്കും സ്റ്റേറ്റുകളുടെയും ഗവൺമെന്റുകളുടെയും തലവന്മാർക്കും മതവിശ്വാസികൾക്കും സിവിൾ നേതാക്കൾക്കും സമൂഹനേതാക്കൾക്കും ഞാൻ സമാധാനം ഹൃദയപൂർവം ആശംസിക്കുന്നു. ഓരോ പുരുഷനും സ്ത്രീക്കും ശിശുവിനും ഞാൻ സമാധാനം ആശംസിക്കുന്നു. അളവറ്റ മഹത്ത്വമുള്ള വിശുദ്ധ ദാനങ്ങളായി പരസ്പരം അംഗീകരിക്കുന്നതിന് ഓരോ വ്യക്തിയിലുമുള്ള ദൈവിക പ്രതിഛായയും സാദൃശ്യവും നമ്മെ ശക്തരാക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ച് സംഘട്ടനങ്ങളുടെ സാഹചര്യങ്ങളിൽ ഇതിനെ നമ്മുടെ "അത്യഗാധമായ മഹത്ത്വത്തെ"[1] നമുക്ക് ആദരിക്കാം. പ്രവർത്തനാത്മകമായ അക്രമരാഹിത്യം നമ്മുടെ ജീവിത മാർഗമാക്കിത്തീർക്കാം.

ലോകസമാധാനദിനത്തിനുള്ള അമ്പതാമത്തെ സന്ദേശമാണിത്. വാഴ്ത്തപ്പെട്ട പോൾ 6-ാമൻ മാർപാപ്പാ കത്തോലിക്കരോടു മാത്രമല്ല എല്ലാ ജനതകളോടും തികഞ്ഞ സ്പഷ്ടതയോടെ ഇങ്ങനെ പറഞ്ഞു: "അധികാരതൃഷ്ണയുള്ള ദേശീയവാദങ്ങളോ അക്രമം വഴിയുള്ള കീഴടക്കലുകളോ, അബദ്ധപൂർണമായ സിവിൾക്രമത്തിനുവേണ്ടിയുള്ള മുഖ്യാധാരയായി പ്രയോഗിക്കപ്പെടുന്ന അടിച്ചമർത്തലുകളോ അല്ല, സമാധാനമാണ് മാനുഷിക പുരോഗതിക്കുള്ള ഏകമാർഗം."

"അന്താരാഷ്ട്ര സംഘർഷങ്ങൾ യുക്തിയുടെ മാർഗങ്ങൾ ഉപയോഗിച്ച് – അതായത് നിയമം, നീതി സമത്വം എന്നിവയിൽ അടിയുറപ്പിച്ച – കൂടിയാലോചനകൾ വഴി – പരിഹരിക്കാനാവുകയില്ലെന്നും പിന്നെയോ ഭീഷണിപരവും കൊലപാതകപരവുമായ മാർഗങ്ങൾ ഉപയോഗിച്ചേ പരിഹരിക്കാനാവുകയുള്ളൂ എന്നും വിശ്വസിക്കുന്നതിന്റെ അപകട"ത്തെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പു നല്കി. തന്റെ മുൻഗാമിയായ വിശുദ്ധ ജോൺ 23-ാമന്റെ "ഭൂമിയിൽ സമാധാനം" എന്ന ചാക്രികലേഖനത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് സത്യത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സമാധാനബോധത്തെയും സമാധാനസ്നേഹത്തെയും പ്രശംസിക്കുകയും ചെയ്തു.[2]



ഈ വാക്കുകളുടെ പ്രാധാന്യമോ അടിയന്തിരസ്വഭാവമോ കഴിഞ്ഞ അമ്പതുവർഷംകൊണ്ട് അല്പംപോലും നഷ്ടപ്പെട്ടിട്ടില്ല.

സമാധാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയ ശൈലിയെന്ന നിലയിൽ അകമരാഹിത്യത്തെപ്പറ്റി വിചിന്തനം ചെയ്യാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഏറ്റവും വ്യക്തിപരമായ ചിന്തകളിലും മൂല്യങ്ങളിലും അക്രമരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മെയെല്ലാവരെയും സഹായിക്കാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. സമൂഹത്തിലും അന്താരാഷ്ട്രജീവിതത്തിലും വ്യക്തികളെന്ന നിലയിൽ നാം ഓരോരുത്തരും പെരുമാറേണ്ടത് എങ്ങനെയെന്ന് പരസ്നേഹവും അക്രമരാഹിത്യവും നിർദേശിക്കട്ടെ. അക്രമത്തിന് ഇരയായവർ പകരം വീട്ടാനുള്ള പ്രലോഭനത്തെ തടയാൻ കഴിവുള്ളവരാകുമ്പോൾ അവർ അക്രമരാഹിത്യമായ സമാധാനപാലനത്തിന്റെ വിശ്വസനീയരായ പ്രചോദകരായിരിക്കും. പ്രാദേശികവും സാധാരണവുമായ മിക്ക സാഹചര്യങ്ങളിലും അന്താരാഷ്ട്രക്രമത്തിലും അക്രമരാഹിത്യം നമ്മുടെ തീരുമാനങ്ങളുടെയും ബന്ധങ്ങളുടെയും പ്രവത്തികളുടെയും യഥാർത്ഥത്തിൽ എല്ലാ രൂപങ്ങളിലുമുള്ള രാഷ്ട്രീയ ജീവിതത്തിന്റെയും മുദ്രയായിത്തീരട്ടെ.

### തകർന്ന ലോകം

2. കഴിഞ്ഞ നൂറ്റാണ്ട് മാരകമായ രണ്ടു ലോകമഹായുദ്ധങ്ങൾ നടത്തിയ നശിപ്പിക്കലും ന്യൂക്ലിയർ യുദ്ധത്തിന്റെ ഭീഷണിയും മറ്റ് അനേകം സംഘട്ടനങ്ങളും അനുഭവിച്ചറിഞ്ഞു. ഇന്നാകട്ടെ, പല ഭാഗങ്ങളായി സംഭവിക്കുന്ന ഭയാനകമായ ലോകയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരായി നമ്മെത്തന്നെ നാം കാണുന്നുവെന്നത് ദുഃഖകരമാണ്. നമ്മുടെ ഇന്നത്തെ ലോകത്തിന് അക്രമവാസന കഴിഞ്ഞകാലത്തേക്കാൾ കൂടുതലാണോ കുറവാണോയെന്ന് അറിയുക എളുപ്പമല്ല. ആധുനിക സമ്പർക്ക മാധ്യമങ്ങളും വർധിച്ച ചലനാത്മകതയും അക്രമത്തെക്കുറിച്ച് നമ്മെ കൂടുതൽ ബോധവാന്മാരാക്കുന്നുണ്ടോ അതോ അക്രമത്തെ സംബന്ധിച്ച് കൂടുതൽ പരിചയമുള്ളവരായിത്തീർക്കുകയാണോ എന്ന് അറിയുക അത്ര എളുപ്പമുള്ള കാര്യമല്ല.

ഏതായാലും പല തരത്തിലും പല തലങ്ങളിലും "ഭാഗംഭാഗമായി" നടത്തപ്പെടുന്ന ഈ അക്രമം വലിയ സഹനത്തിനു കാരണമാകുന്നുണ്ട്. വിവിധ രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും നടത്തപ്പെടുന്ന യുദ്ധങ്ങൾ, ഭീകരതാവാദം, സംഘടിത കുറ്റകൃത്യം, അപ്രതീക്ഷിതമായ അക്രമപ്രവൃത്തികൾ, കുടിയേറ്റക്കാരും മനുഷ്യക്കടത്തിന്റെ ഇരകളും സഹിക്കുന്ന ദുരുപയോഗങ്ങൾ, പരിസ്ഥിതി നശിപ്പിക്കൽ

എന്നിവ അത്തരത്തിൽപ്പെടുന്നു. ഇത് എങ്ങോട്ടാണു നയിക്കുന്നത്? ശാശ്വതമൂല്യമുള്ള ഏതെങ്കിലും ലക്ഷ്യം നേടാൻ അക്രമത്തിനു കഴിയുമോ? അത് പ്രത്യാക്രമണത്തിലേക്കു മാത്രമല്ലേ നയിക്കുന്നത്? കുറച്ചു "യുദ്ധകർത്താക്കൾ"ക്കു മാത്രം പ്രയോജനപ്പെടുന്ന മാരകസംഘട്ടനങ്ങളുടെ വൃത്തത്തിലേക്കല്ലേ നയിക്കുന്നത്?

തകർന്ന നമ്മുടെ ലോകത്തിനുള്ള ചികിത്സയല്ല അക്രമം. അക്രമത്തെ അക്രമംകൊണ്ട് എതിർക്കൽ നിർബന്ധിത കുടിയേറ്റത്തിലേക്കും അളവറ്റ സഹനത്തിലേക്കും മാത്രമേ നയിക്കുകയുള്ളു. കാരണം, സൈനിക ലക്ഷ്യങ്ങൾക്കായി അളവറ്റ വിഭവങ്ങൾ വഴിമാറ്റി പ്രയോഗിക്കുന്നു. യുവജനങ്ങളുടെയും ക്ലേശിക്കുന്ന കുടുംബങ്ങളുടെയും വൃദ്ധജനങ്ങളുടെയും രോഗികളുടെയും ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും അനുദിനാവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളാണ് അപ്രകാരം ഉപയോഗിക്കുന്നത്. അത് എല്ലാവരെയും മരണത്തിലേക്കു നയിച്ചില്ലെങ്കിലും അനേകരെ ശാരീരികവും ആധ്യാത്മികവുമായ മരണത്തിലേക്കു നയിക്കുമെന്നതാണ് ഏറ്റവും വലിയ കഷ്ടം.

**സദ്വാർത്ത**

3. യേശുക്രിസ്തുതന്നെ ജീവിച്ചിരുന്നത് അക്രമാസക്തമായ ഒരു കാലഘട്ടത്തിലാണ്. എന്നാലും അക്രമവും സമാധാനവും ഏറ്റുമുട്ടുന്ന യഥാർത്ഥ യുദ്ധഭൂമി മനുഷ്യഹൃദയമാണെന്ന് അവിടന്നു പഠിപ്പിച്ചു: "എന്തെന്നാൽ, ഉള്ളിൽ നിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ്, ദുഷ്ടചിന്തകൾ വരുന്നത്" (മർക്കോ 7:21). ഈ വിഷയത്തിൽ ക്രിസ്തുവിന്റെ സന്ദേശം മൗലികമായി ഭാവാത്മകമായ സമീപനം നല്കുന്നു. അവിടന്ന് നിരന്തരം ദൈവത്തിന്റെ വ്യവസ്ഥാതീതമായ സ്നേഹത്തെപ്പറ്റി പ്രസംഗിച്ചു. ആ സ്നേഹം സ്വാഗതം ചെയ്യുന്നതും ക്ഷമിക്കുന്നതുമാണ്. ശത്രുക്കളെ സ്നേഹിക്കാനും (cf മത്താ 5:44) ശത്രുവിനു മറ്റേ കരണം കൂടി കാണിക്കാനും അവിടന്ന് പഠിപ്പിച്ചു (cf മത്താ 5:39). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുന്നതിൽ നിന്ന് കുറ്റം പറയുന്നവരെ തടഞ്ഞപ്പോഴും (cf യോഹ 8:1-11), അവിടന്നു മരിക്കുന്നതിന്റെ തലേരാത്രി പത്രോസിനോട് വാൾ ഉപേക്ഷിക്കാൻ പറഞ്ഞപ്പോഴും അവിടന്ന് അക്രമരാഹിത്യത്തിന്റെ വഴി കാണിച്ചു. അവിടന്ന് അവസാനംവരെ, കുരിശുമരണം വരെ, ആ വഴിയേ സഞ്ചരിച്ചു. അങ്ങനെ അവിടന്ന് നമ്മുടെ സമാധാനമായി. ശത്രുതയ്ക്ക് വിരാമമിടുകയും ചെയ്തു (cf എഫേ 2:14-16). യേശുവിന്റെ സദ്വാർത്ത സ്വീകരിക്കുന്ന ആർക്കും ഉള്ളിലുള്ള അക്രമവാസനയെ അംഗീകരിക്കാനും ദൈവത്തിന്റെ കരുണയാൽ സൗഖ്യം പ്രാപിക്കാനും അങ്ങനെ



അനുരഞ്ജനത്തിന്റെ ഉപകരണമായിത്തീരാനും സാധിക്കും. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ വാക്കുകളിൽ പറഞ്ഞാൽ, "നിങ്ങൾ വായ്കൊണ്ട് സമാധാനം അറിയിക്കുമ്പോൾ, നിങ്ങളുടെ ഹൃദയങ്ങളിൽ കൂടുതൽ അളവിൽ സമാധാനമുണ്ടെന്ന് ഉറപ്പുവരുത്തുവിൻ."[3]

യേശുവിന്റെ യഥാർത്ഥ അനുയായികളായിരിക്കുകയെന്നത് ഇന്നും അക്രമരാഹിത്യത്തെക്കുറിച്ചുള്ള അവിടത്തെ പ്രബോധനം സ്വീകരിക്കുകയെന്ന കാര്യം ഉൾക്കൊള്ളുന്നുണ്ട്. എന്റെ മുൻഗാമിയായ ബനഡിക്ട് 16-ാമൻ നിരീക്ഷിച്ചതുപോലെ ആ പ്രബോധനം "യാഥാർത്ഥ്യബോധമുള്ളതാണ്. എന്തെന്നാൽ അമിതമായ അക്രമവും അനീതിയും ലോകത്തിൽ ഉണ്ടെന്നും അതുകൊണ്ട് കൂടുതൽ സ്നേഹംകൊണ്ടും കൂടുതൽ നന്മകൊണ്ടും ഈ സാഹചര്യത്തെ നേരിട്ടുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അതിനെ കീഴടക്കാനാവുകയില്ലെന്നും അത് കരുതുന്നു. ഈ "കൂടുതൽ" ദൈവത്തിൽ നിന്നു വരുന്നതാണ്.[4] അദ്ദേഹം തുടർന്ന് ഇങ്ങനെ ഊന്നിപ്പറയുന്നു: "ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അക്രമരാഹിത്യം നയതന്ത്രപരമായ പെരുമാറ്റമല്ല. പിന്നെയോ ആ വ്യക്തിയുടെ അസ്തിത്വശൈലിയാണ്. മനോഭാവമാണ്. സ്നേഹം സത്യം എന്നീ ആയുധങ്ങൾ മാത്രമുപയോഗിച്ച് തിന്മയെ കൈകാര്യം ചെയ്യാൻ ഭയപ്പെടേണ്ടതില്ലെന്നു കരുതത്തക്കവിധം ദൈവത്തിന്റെ സ്നേഹത്തെയും ശക്തിയെയും കുറിച്ച് അവബോധമുള്ള വ്യക്തിയുടെ മനോഭാവമാണത്. ശത്രുവിനോടുള്ള സ്നേഹം "ക്രൈസ്തവവിപ്ളവത്തിന്റെ ന്യൂക്ളിയസ്സാണ്."[5] നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന സുവിശേഷകല്പന (cf ലൂക്ക 6:27) "ക്രൈസ്തവ അക്രമരാഹിത്യത്തിന്റെ മാഗ്നാകാർട്ടയായി തികച്ചും ന്യായപൂർവ്വം കരുതപ്പെടുന്നു. അതു തിന്മയ്ക്കു കീഴടങ്ങലല്ല. തിന്മയോട് നന്മകൊണ്ട് പ്രതികരിക്കലാണ് (cf റോമ 12: 17-21). അങ്ങനെ അനീതിയുടെ ചങ്ങല തകർക്കലാണ്."[6]

**അക്രമത്തേക്കാൾ ശക്തിയുള്ളത്**

4. അക്രമരാഹിത്യത്തെ ചിലപ്പോൾ കീഴടങ്ങലായും ഉൾപ്പെടാതിരിക്കലായും നിഷ്ക്രിയത്വമായും കരുതാറുണ്ട്. വിശുദ്ധ മദർ തെരേസ 1979 - ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം സ്വീകരിച്ചപ്പോൾ കാര്യക്ഷമമായ അക്രമരാഹിത്യത്തെക്കുറിച്ചുള്ള സ്വന്തം സന്ദേശം വ്യക്തമായി നല്കി. അവർ പറഞ്ഞു: "സമാധാനം സ്ഥാപിക്കാൻ വേണ്ടി നാശകരമായ ബോംബുകളും തോക്കുകളും നമ്മുടെ കുടുംബത്തിൽ ആവശ്യമില്ല. നമ്മൾ കൂടിച്ചേരുക. പരസ്പരം സ്നേഹിക്കുക. അങ്ങനെ ചെയ്താൽ ലോകത്തിലെ സകല തിന്മകളെയും നമുക്ക് കീഴടക്കാം."[7]

എന്തെന്നാൽ യുദ്ധോപകരണങ്ങളുടെ ശക്തി വഞ്ചനാത്മകമാണ്. “ആയുധങ്ങളുടെ കള്ളക്കടത്തു നടത്തുന്നവർ അവരുടെ ജോലി ചെയ്യുമ്പോൾ പാവപ്പെട്ട സമാധാനസ്ഥാപകർ ഒരു വ്യക്തിയെയും പിന്നെ മറ്റൊരു വ്യക്തിയെയും സഹായിക്കാൻ വേണ്ടി ജീവൻ നല്കുന്നു.” മദർ തെരേസ അത്തരം സമാധാനസ്ഥാപകരുടെ “നമ്മുടെ കാലഘട്ടത്തിലെ സിംബലാണ്, ഐക്കൺ ആണ്.”[8]

കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ വലിയ സന്തോഷം ഞാൻ അനുഭവിച്ചു. തന്നെത്തന്നെ എല്ലാവർക്കും സംലഭ്യയാക്കാൻ അവൾക്കുണ്ടായിരുന്ന സന്നദ്ധതയെ ഞാൻ പ്രശംസിച്ചു. “ജനിക്കാനിരിക്കുന്നതും പരിത്യജിക്കപ്പെട്ടതും അവഗണിക്കപ്പെട്ടതുമായ മനുഷ്യജീവനെ സ്വാഗതം ചെയ്തും സംരക്ഷിച്ചും അവർ സകലർക്കും സംലഭ്യമായി. മരിക്കാൻ വഴിയരികുകളിൽ ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവൾ കുമ്പിട്ടു. അവരിൽ ദൈവദത്തമായ മഹത്ത്വം ദർശിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അവൾ തന്റെ ശബ്ദം ലോകശക്തികളെ കേൾപ്പിച്ചു. അവരുടെ കുറ്റകൃത്യങ്ങളും അവർ സൃഷ്ടിച്ച ദാരിദ്ര്യവും മൂലം അവർ ചെയ്ത കുറ്റം അവർ തിരച്ചറിയുന്നതിനു വേണ്ടിത്തന്നെ.”9 ആ കുറ്റത്തോടുള്ള പ്രതികരണമായിരുന്നു അവരുടെ ദൗത്യം. അവൾ ആയിരക്കണക്കിന് മനുഷ്യർക്കു വേണ്ടിപോലും - നിലകൊണ്ടു. സഹിക്കുന്നവരിലേക്ക് ഉദാരതാപൂർണ്ണമായ സമർപ്പണത്തിലൂടെ എത്തിച്ചേരുകയും മുറിവേറ്റ ഒരോ മനുഷ്യശരീരത്തേയും സ്പർശിക്കുകയും മുറിവുകെട്ടി സുഖപ്പെടുത്തുകയും, തകർന്ന ഓരോ ജീവിതത്തെയും സ്വസ്ഥമാക്കുകയും ചെയ്യുകയെന്നതായിരുന്നു അവളുടെ ദൗത്യം.

അക്രമരാഹിത്യത്തിന്റെ നിർണ്ണായകവും സുസ്ഥിരവുമായ അഭ്യസനം ശ്രദ്ധേയമായ ഫലങ്ങൾ പുറപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയിൽ മഹാത്മാഗാന്ധിയും അബ്ദുൾഗാഫർഖാനും വംശവിവേചനത്തിനതിരേ ഡോ. മാർട്ടിൻ ലൂഥർകിംഗ് ജൂനിയറും നേടിയ നേട്ടങ്ങൾ ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. സ്ത്രീകൾ പലപ്പോഴും അക്രമരാഹിത്യത്തിന്റെ പ്രത്യേക നേതൃത്വം വഹിക്കുന്നവരായിട്ടുണ്ട്. ലീമാ ഗ്ബോവീയും ആയിരക്കണക്കിനു ലിബേറിയൻ സ്ത്രീകളും അതിനുള്ള ഉദാഹരണങ്ങളാണ്. അവർ സഹായത്തിനുള്ള പ്രാർത്ഥനകളും അക്രമരഹിത പ്രതിഷേധങ്ങളും സംഘടിപ്പിക്കുകയും അതിന്റെ ഫലമായി ലിബേറിയയിൽ രണ്ടാം ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാൻ ഉന്നതതലത്തിലുള്ള സമാധാന ചർച്ചകൾ നടക്കുകയും ചെയ്തു.



യൂറോപ്പിൽ കമ്യൂണിസ്റ്റ് ഭരണക്രമങ്ങളുടെ തകർച്ചയോടെ അവസാനിച്ച സംഭവബഹുലമായ ദശകത്തെ മറക്കാനും നമുക്കു സാധ്യമല്ല. ക്രൈസ്തവസമൂഹങ്ങൾ തീവ്രമായ പ്രാർത്ഥനയും ധീരതയാർന്ന പ്രവർത്തനവും വഴി തങ്ങളുടെ സംഭാവന നല്കി. വിശുദ്ധ ജോൺ പോൾ 2-ാമന്റെ ശുശ്രൂഷയും പ്രബോധനവും പ്രത്യേകമാംവിധം സ്വാധീനം ചെലുത്തി. എന്റെ ആ മുൻഗാമി 1991-ൽ എഴുതിയ “നൂറാം വർഷം” എന്ന ചാക്രികലേഖനത്തിൽ 1989-ലെ സംഭവങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ട് ഒരു വസ്തുത ഉയർത്തിക്കാണിച്ചു. “സമാധാനപൂർണ്ണമായ എതിർപ്പുവഴി സത്യത്തിന്റെയും നീതിയുടെയും ആയുധങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട്”[10] ജനതകളുടെയും രാജ്യങ്ങളുടെയും സ്റ്റേറ്റുകളുടെയും ജീവിതത്തിൽ ഗൗരവാവഹമായ മാറ്റങ്ങൾ ഉണ്ടായി എന്നതാണ് ആ വസ്തുത. അധികാരത്തിന്റെ ശക്തിയ്ക്കു കീഴ്പ്പെടാൻ സമ്മതിക്കാതെ സത്യത്തിനു സാക്ഷ്യം വഹിക്കാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിൽ വീണ്ടും വീണ്ടും വിജയിച്ച ജനങ്ങളുടെ അക്രമരഹിതമായ സമർപ്പണം കൊണ്ടാണ്, ഭാഗികമായ, സമാധാനപൂർണ്ണമായ ഈ രാഷ്ട്രീയ പരിവർത്തനം സാധ്യമായത്. ജോൺ പോൾ 2-ാമൻ മാർപാപ്പാ തുടർന്നു പറയുന്നു: “ആഭ്യന്തരതർക്കങ്ങളിൽ വർഗ്ഗ സമരവും അന്താരാഷ്ട്രതർക്കങ്ങളിൽ യുദ്ധവും ഉപേക്ഷിച്ചുകൊണ്ട് നീതിക്കുവേണ്ടി അക്രമം കൂടാതെ യുദ്ധം ചെയ്യാൻ ജനങ്ങൾ പഠിക്കട്ടെ.”[11]

പല രാജ്യങ്ങളിലും അക്രമരഹിതമായ സമാധാനസ്ഥാപന സമരതന്ത്രങ്ങളിൽ സഭ ഏർപ്പെട്ടിട്ടുണ്ട്. നീതിപൂർവ്വകവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങളിൽ ഏറ്റവും അക്രമപരമായ പാർട്ടികളിൽ പോലും പ്രവർത്തിച്ചിട്ടുണ്ട്.

അനീതിയുടെയും അക്രമത്തിന്റെയും ഇരകൾക്കുവേണ്ടിയുള്ള അത്തരം പരിശ്രമങ്ങൾ കത്തോലിക്കാ സഭയുടെ മാത്രം ഇഷ്ടദാനമല്ല. പിന്നെയോ പല മതപാരമ്പര്യങ്ങൾക്കും സവിശേഷമായിട്ടുള്ളതാണ്. അവയിൽ “സഹതാപവും അക്രമരഹിത്യവും ജീവന്റെ വഴി ചൂണ്ടിക്കാണിക്കുന്ന സാരാംശപരമായ ഘടകങ്ങളാണ്.”[12] ഞാൻ വീണ്ടും ശക്തിയുക്തം ഉറപ്പിച്ചു പറയുന്നു: “ഒരു മതവും ഭീകരവാദപരമല്ല.”[13] അക്രമം ദൈവനാമത്തെ ദുഷിപ്പിക്കുന്നു.[14] “ദൈവത്തിന്റെ നാമം അക്രമത്തെ നീതീകരിക്കുന്നതിന് ഉപയോഗിക്കാൻ പാടില്ല. സമാധാനം മാത്രമാണ് വിശുദ്ധം; സമാധാനം മാത്രമാണ്, യുദ്ധമല്ല വിശുദ്ധം”[15] എന്നിങ്ങനെ ആവർത്തിച്ചു പറയുന്നതിൽ നാം ഒരിക്കലും തളരരുത്.

**അക്രമരഹിത രാഷ്ട്രീയത്തിന്റെ കുടുംബപരമായ വേരുകൾ**

5. അക്രമത്തിന്റെ ഉറവിടം മനുഷ്യഹൃദയങ്ങളിലാണുള്ളതെങ്കിൽ കുടുംബങ്ങളിൽ അക്രമരാഹിത്യം അഭ്യസിക്കുകയെന്നത് മൗലികാ പ്രാധാന്യമുള്ള കാര്യമാണ്. സ്നേഹത്തിൽ നിന്നുള്ള സന്തോഷത്തിന്റെ ഭാഗമാണത്. അതിനെ സംബന്ധിച്ച് കഴിഞ്ഞ മാർച്ചു മാസത്തിൽ ഞാൻ പുറപ്പെടുവിച്ച "അമോരിസ് ലെത്തീസ്യ" (സ്നേഹത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച് രണ്ടു വർഷം സഭ വിചിന്തനം ചെയ്തതിന്റെ പിന്നാലെയാണ് ആ ആഹ്വാനം പുറപ്പെടുവിച്ചത്. ദമ്പതികൾ, മാതാപിതാക്കൾ, കുട്ടികൾ, സഹോദരീസഹോദരന്മാർ എന്നിവരെല്ലാം ആശയവിനിമയം നടത്താനും പരസ്പരം ഉദാരതാപൂർണ്ണമായ താത്പര്യം കാണിക്കാനും പഠിക്കുന്ന അനുപേക്ഷണീയമായ മൂശയാണ് കുടുംബം: അവിടെ സംഘർഷങ്ങൾ, സംഘട്ടനങ്ങൾ പോലും പരിഹരിക്കപ്പെടണം. ബലപ്രയോഗം കൊണ്ടല്ല, പിന്നെയോ സ്നേഹസംവാദം, ബഹുമാനം, അപരന്റെ നന്മയോടുള്ള താത്പര്യം, കാരുണ്യം, മാപ്പുകൊടുക്കൽ എന്നിവകൊണ്ടാണ് പരിഹരിക്കപ്പെടേണ്ടത്.[16] കുടുംബങ്ങളിൽ നിന്ന് സ്നേഹത്തിന്റെ സന്തോഷം ലോകത്തിലേക്ക് പ്രവഹിക്കുകയും മുഴുവൻ സമൂഹത്തിലേക്കും പ്രകാശം പ്രസരിപ്പിക്കുകയും ചെയ്യുന്നു.[17] വ്യക്തികൾ തമ്മിലും ജനതകൾ തമ്മിലുമുള്ള സാഹോദര്യത്തിന്റെയും സമാധാനപൂർവ്വകമായ സഹാസ്തിത്വത്തിന്റെയും പെരുമാറ്റ ശാസ്ത്രം അടിയുറപ്പിക്കേണ്ടത് ഭയത്തിന്റെയും അക്രമത്തിന്റെയും മനസ്സ് അടച്ചു പൂട്ടലിന്റെയും യുക്തിയിലല്ല. പിന്നെയോ ഉത്തരവാദിത്വത്തിന്റെയും ബഹുമാനത്തിന്റെയും ആത്മാർത്ഥമായ സംവാദത്തിന്റെയും യുക്തിയിലാണ്. അതുകൊണ്ട്, നിരായുധീകരണം, ന്യൂക്ലിയർ ആയുധങ്ങളുടെ നിരോധനം, അവയുടെ നീക്കിക്കളയൽ എന്നിവ നടപ്പാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ന്യൂക്ലിയർ ആയുധങ്ങൾകൊണ്ട് ഭയപ്പെടുത്തി ഓടിക്കൽ, തീർച്ചപ്പെടുത്തിയ പരസ്പര നശീകരണം എന്നിവ അത്തരം ഒരു പെരുമാറ്റ ശാസ്ത്രത്തിൽ അടിയുറപ്പിക്കപ്പെടാനാവുകയില്ല.[18] കുടുംബപരമായ അക്രമങ്ങളും സ്ത്രീകളുടെയും കുട്ടികളുടെയും ദുരുപയോഗവും അവസാനിപ്പിക്കണമെന്ന് തുല്യമായ അടിയന്തിരാവശ്യത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

നവംബർ മാസത്തിൽ അവസാനിച്ച കരുണയുടെ ജൂബിലി നമ്മുടെ ഉള്ളിലേക്കു തിരിഞ്ഞു നോക്കാനും അവിടേയ്ക്ക് ദൈവത്തിന്റെ കാരുണ്യത്തെ പ്രവേശിപ്പിക്കാനും നമ്മെ ഓരോരുത്തരെയും



പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എത്രമാത്രം വ്യക്തികളും സാമൂഹികഗ്രൂപ്പുകളുമാണ് നിസ്സംഗതയോടെ പെരുമാറപ്പെടുന്നതും അനീതിക്കും അക്രമത്തിനും ഇരകളാക്കപ്പെടുന്നതും എന്ന് മനസ്സിലാക്കാൻ ജൂബിലി നമ്മെ പഠിപ്പിച്ചു. അത്തരം ആളുകളും നമ്മുടെ "കുടുംബ"ത്തിന്റെ ഭാഗമാണ്. അവരും നമ്മുടെ സഹോദരീസഹോദരന്മാരാണ്. അക്രമരാഹിത്യത്തിന്റെ രാഷ്ട്രീയം കുടുംബങ്ങളിൽ തുടങ്ങണം. എന്നിട്ട് അത് മുഴുവൻ മനുഷ്യകുടുംബത്തിലേക്കും വ്യാപിക്കണം. സ്നേഹത്തിന്റെ കുറുക്കുവഴികൾ അഭ്യസിക്കാൻ ലിസ്യൂവിലെ കൊച്ചുത്രേസ്യ നമ്മെ ക്ഷണിക്കുന്നു. സമാധാനവും സൗഹൃദബന്ധവും വിതയ്ക്കുന്ന ദയാപൂർണ്ണമായ ഒരു വാക്കോ ഒരു പുഞ്ചിരിയോ, ഒരു ചെറിയ ആംഗ്യമോ നഷ്ടപ്പെടുത്തരുതെന്ന് ആ വിശുദ്ധ നമ്മോട് പറയുന്നു. അക്രമത്തിന്റെ യുക്തി, ചൂഷണം, സ്വാർത്ഥത എന്നിവയെ തകർക്കുന്ന ലളിതമായ അനുദിനപ്രവൃത്തികൾകൊണ്ട് സമഗ്രമായ പരിസ്ഥിതിയും സൃഷ്ടിക്കാൻ കഴിയും.[19]

**എന്റെ ക്ഷണം**

6. പ്രവർത്തനക്ഷമമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കുകയെന്നത് സഭയുടെ നിരന്തര പരിശ്രമങ്ങൾക്കു ലഭിക്കുന്ന സ്വാഭാവികവും അവശ്യാവശ്യകവുമായ പ്രശംസയാണ്. ധാർമ്മികനിയമങ്ങൾ പ്രയോഗിച്ച് ബലപ്രയോഗത്തിന്റെ ഉപയോഗത്തെ പരിമിതപ്പെടുത്തുന്നുണ്ട്. അവൾ അപ്രകാരം ചെയ്യുന്നത് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്ന ജോലികളിലൂടെയും എല്ലാ തലങ്ങളിലും നിയമനിർമാണം നടത്തുന്നതിന് അനേകം ക്രൈസ്തവർ നല്കുന്ന വൈദഗ്ധ്യമുള്ള സംഭാവനകളിലൂടെയുമാണ്. യേശുക്രിസ്തു തന്നെ മലയിലെ പ്രഭാഷണത്തിൽ സമാധാനസൃഷ്ടിക്കുള്ള ഉപായത്തിനു വേണ്ട "കൈപ്പുസ്തകം" നല്കുന്നുണ്ട്. ഭാഗ്യവാനും നല്ലവനും ആത്മാർത്ഥതയുള്ളവനെന്നു നമുക്കു വിവരിക്കാനാവുന്ന ഒരു വ്യക്തിയുടെ ചിത്രം അഷ്ടസൗഭാഗ്യങ്ങളിൽ നല്കുന്നുണ്ട് (cf മത്താ: 5:3-10). സൗമ്യശീലരും, കരുണാപൂർണരും, സമാധാനസ്ഥാപകരും, ഹൃദയശുദ്ധിയുള്ളവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും ഭാഗ്യവാന്മാരാണെന്ന് യേശു നമ്മോടു പറയുന്നു.

രാഷ്ട്രീയ നേതാക്കൾക്കും മതനേതാക്കൾക്കും അന്താരാഷ്ട സ്ഥാപനങ്ങളുടെ തലവന്മാർക്കും ബിസിനസ്സിലും മീഡിയയിലും കാര്യനിർവാഹകരായിക്കഴിയുന്നവർക്കും കൂടി ഇത് ഒരു കർമ്മപദ്ധതിയും വെല്ലുവിളിയുമാണ്. അവരുടെ ഉത്തരവാദിത്വങ്ങളുടെ നിർവഹിക്കലിൽ അഷ്ടസൗഭാഗ്യം പ്രയോഗിക്കുക. സമാധാനസ്ഥാപകരായി പ്രവർത്തി

ച്ചുകൊണ്ട് സമൂഹം, സമുദായങ്ങൾ, ബിസിനസ്സ് എന്നിവ പടുത്തുയർത്താനുള്ള വെല്ലുവിളിയാണിത്. ആളുകളെ അവഗണിക്കാതെയും പരിസ്ഥിതിയെ ദ്രോഹിക്കാതെയും എന്തു വിലകൊടുത്തും ജയിക്കാൻ പരിശ്രമിക്കാതെയും കാരുണ്യം കാണിക്കുകയെന്നതാണത്. അങ്ങനെ ചെയ്യുന്നതിന് "ഒത്തൊരുമിച്ച് സംഘട്ടനങ്ങളെ നേരിടാനും അതു പരിഹരിക്കാനും പുതിയ ഒരു പ്രക്രിയയ്ക്ക് അതിനെ ഒരു ചങ്ങലക്കണ്ണിയാക്കാനുമുള്ള മനസ്സുണ്ടായിരിക്കണം."[20] ചരിത്രം സൃഷ്ടിക്കാനും സമൂഹത്തിൽ സൗഹൃദബന്ധം സ്ഥാപിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ ഐക്യദാർഢ്യത്തെ തിരഞ്ഞെടുക്കുകയെന്നതാണ് ഈ വിധത്തിൽ പ്രവർത്തിക്കുകയെന്നതിന്റെ അർത്ഥം. ഐക്യം യഥാർത്ഥത്തിൽ സംഘട്ടനത്തേക്കാൾ കൂടുതൽ ശക്തവും കൂടുതൽ ഫലദായകവുമാണെന്ന് കാണിക്കാനുള്ള ഒരു മാർഗ്ഗമാണ് പ്രവർത്തനക്ഷമമായ അക്രമരാഹിത്യം. ലോകത്തിലുള്ളതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്.[21] തീർച്ചയായും. വ്യത്യാസങ്ങൾ സംഘർഷങ്ങൾക്ക് കാരണമാകും. എന്നാൽ അവയെ നിർമ്മാണാത്മകമായും അക്രമരഹിതമായും നേരിടാം. അങ്ങനെ, "സംഘങ്ങൾക്കും എതിർപ്പുകൾക്കും വിവിധരീതികളിലുള്ളതും ജീവദായകവുമായ ഐക്യം നേടാനാവും. രണ്ടു കക്ഷികൾക്കും സാധുവായിട്ടുള്ളതും ഉപകാരപ്രദമായിട്ടുള്ളതും സംരക്ഷിച്ചുകൊണ്ട് അതു നേടാനാവും.[22]

സജീവവും സർഗാത്മകവുമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കാനുള്ള എല്ലാ പരിശ്രമങ്ങളിലും സഭയുടെ സഹായമുണ്ടാകുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. സമഗ്ര മാനുഷിക വികസനത്തെ വളർത്തുന്നതിനുള്ള പുതിയ വകുപ്പ് 2017 ജനുവരി 1-ന് പ്രവർത്തിച്ചു തുടങ്ങും. പൂർവ്വാധികം കാര്യക്ഷമമായ വിധത്തിൽ "നീതി സമാധാനം സൃഷ്ടി സംരക്ഷണം" എന്നീ അമൂല്യനന്മകളെ പോഷിപ്പിക്കാൻ സഭ നടത്തുന്ന പ്രവർത്തനങ്ങളെ അതു സഹായിക്കും. കുടിയേറ്റക്കാർ, ആവശ്യത്തിൽപെട്ടവർ, രോഗികൾ, സമുദായത്തിൽനിന്നും പുറം തള്ളപ്പെട്ടവർ, പാർശ്വവത്കരിക്കപ്പെട്ടവർ, ബന്ധനസ്ഥർ, തൊഴിൽരഹിതർ എന്നിവരെയും അതുപോലെ സായുധ യുദ്ധത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും അടിമത്തത്തിന്റെയും പീഡനത്തിന്റെയും എല്ലാ രൂപങ്ങളിലുംപെട്ടവരോടുള്ള"[23] സഭയുടെ താത്പര്യം വളർത്താൻ അതു സഹായിക്കും. അത്തരത്തിലുള്ള ഓരോ പ്രത്യുത്തരവും - അത് എത്ര മിതമാണെങ്കിലും - അക്രമ വിമുക്തമായ ഒരു ലോകം പടുത്തുയർത്താൻ സഹായിക്കും. അത് നീതിയിലേക്കും സമാധാനത്തിലേക്കുമുള്ള ആദ്യത്തെ ചുവടുവയ്പായിരിക്കും.



7. പാരമ്പര്യമനുസരിച്ച് ഇന്ന് ഡിസംബർ 8-ാംതീയതി, കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ ദിവസം, ഈ സന്ദേശത്തിൽ ഞാൻ ഒപ്പു വയ്ക്കുന്നു. മറിയം സമാധാനരാജ്ഞിയാണ്. അവളുടെ പുത്രൻ ജനിച്ചപ്പോൾ മാലാഖമാർ ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുകയും ഭൂമിയിൽ സന്മനസ്സുള്ള സകല സ്ത്രീ പുരുഷന്മാർക്കും സമാധാനം ആശംസിക്കുകയും ചെയ്തു (cf ലൂക്ക: 2:14). അവളുടെ മാർഗ്ഗനിർദ്ദേശത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

"നമ്മൾ എല്ലാവരും സമാധാനം ആവശ്യപ്പെടുന്നു. അനേകം പേർ അനുദിനം ചെറിയ ആംഗ്യങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും സമാധാനം സ്ഥാപിക്കുന്നുണ്ട്. അവരിൽ പലരും പീഡ സഹിക്കുന്നവരാണ്, എന്നാലും സമാധാനസ്ഥാപകരാകാനുള്ള പരിശ്രമങ്ങളിൽ അവർ ക്ഷമാപൂർവ്വം നിലനില്ക്കുന്നു."[24]

നമ്മുടെ ഹൃദയങ്ങളിൽനിന്നും വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും അക്രമം ഒഴിവാക്കാനും അക്രമാസക്തിയില്ലാത്തവരാകാനും നമ്മുടെ പൊതു ഭവനത്തെ സംരക്ഷിക്കുന്ന അക്രമരഹിത സമൂഹങ്ങളെ പടുത്തുയർത്താനും 2017-ാം വർഷത്തിൽ നമുക്ക് പ്രാർത്ഥനയോടെ സജീവമായി സ്വയം സമർപ്പിക്കാം. "പ്രാർത്ഥനയിൽ ദൈവത്തിലേക്കു തിരിഞ്ഞാൽ ഒന്നും അസാധ്യമാകുകയില്ല. എല്ലാ വ്യക്തിക്കും സമാധാനസ്ഥാപകനാകാൻ സാധിക്കും."[25]

വത്തിക്കാനിൽ നിന്ന്
8 ഡിസംബർ 2016 **ഫ്രാൻസീസ് മാർപാപ്പാ**

Ref: 2994/K-5/KCBC/OL/DS 16.12.2016

## 2017 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാ വർഷവും ജനുവരി 15 ന് കർഷകദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും വെറും ചടങ്ങുകൾക്കപ്പുറം കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കായി സർക്കാർവക കർഷകദിനാഘോഷങ്ങൾ ഉപകരിക്കുന്നില്ലന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി കേരളസഭ ആചരിക്കുവാൻ തീരുമാനിച്ചത്.

ഇൻഫാം ശബ്ദമില്ലാത്തവരുടെ ശബ്ദവും അസംഘടിത

കർഷക സമൂഹത്തിന്റെ പ്രതീക്ഷയുമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകരെ നിരന്തരം ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായി പ്രതികരിക്കുകയും സമൂഹത്തിലെ അദ്ധ്വാനവർഗ്ഗത്തെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്യുന്ന സ്വതന്ത്ര കർഷകപ്രസ്ഥാനമാണിത്.

കർഷകർ ഉല്പാദന പ്രക്രിയയിൽ മാത്രം ശ്രദ്ധിച്ചാൽ മതിയാകില്ലന്നു മനസിലാക്കി സംഭരണ സംസ്കരണ വിപണന സാധ്യതകളും തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കി കർഷകരുടെ നന്മകൾ തിരിച്ചറിയാത്ത രാഷ്ട്രീയ ഭരണനേതൃത്വങ്ങളേയും അവരെ നിയന്ത്രിക്കുന്ന കർഷകവിരുദ്ധ ശക്തികളേയും സധൈര്യം നേരിട്ട് കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടുകളായി ഇൻഫാം പ്രവർത്തനനിരതമാണ്.

ആധുനിക ശാസ്ത്ര പുരോഗതിയുടെ കുത്തൊഴുക്കിൽ എല്ലാം കടപുഴക്കിക്കൊണ്ടുള്ള കാർഷികവളർച്ചയല്ല നാം ലക്ഷ്യമിടുന്നത്. പഴമയിലെ എല്ലാ നന്മകളേയും സ്വീകരിച്ചുകൊണ്ട് ആധുനികതയുടെ സഹായത്തോടുകൂടിയ വികസനമാണ് നമ്മുടെ ലക്ഷ്യം. കാരണം പരമ്പരാഗത കൃഷിരീതികൾ നൂറ്റാണ്ടുകളുടെ അനുഭവത്തിൽകൂടി ഉരുത്തിരിഞ്ഞതും ഒത്തിരിയേറെ ഋഷിമാരുടേയും സിദ്ധന്മാരുടേയും ശ്രുതിയിലും സ്മൃതിയിലും കൂടി രൂപപ്പെട്ടു വന്നിട്ടുള്ളതുമാണ്. അവയുടെ അന്തഃസത്ത മനസിലാക്കാതെ അവയെ വിലയിരുത്തുവാനോ വിലമതിക്കുവാനോ സാധ്യമല്ല. അതുകൊണ്ട് ഏത് കാർഷിക വികസനചിന്തയും രൂപപ്പെടുത്തുമ്പോൾ പഴമയ്ക്ക് കൊടുക്കേണ്ട സ്ഥാനം കൊടുത്തിരിക്കണമെന്നാണ് ഇൻഫാമിന്റെ അടിസ്ഥാന കാർഷിക വികസന കാഴ്ചപ്പാട്. വായുവും വെള്ളവും മാത്രമേ മനുഷ്യന് വിലകൊടുക്കാതെ കിട്ടുന്ന രണ്ടു പ്രകൃതി വിഭവങ്ങളായി അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. വെള്ളവും വൻകിട കമ്പനിക്കാരന്റെ വ്യവസായ ഉല്പന്നമായി മാറിക്കഴിഞ്ഞു. വെള്ളം നിറയ്ക്കുന്ന കുപ്പികളും അത്യന്തം മാരകമായിത്തീർന്നിരിക്കുകയാണ്. ഫാക്ടറികളിൽ നിന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ തള്ളുന്ന മലിനജലം നദികളെ നശിപ്പിക്കുന്നു. അതിലെ മത്സ്യസമ്പത്തും കുടിവെള്ളവും വലിയ പ്രശ്നമായിതീർന്നിരിക്കുകയാണ്. അന്തകവിത്തുകളുമായി വരുന്ന കുത്തക വിദേശ സ്വദേശ കമ്പനികൾ കൃഷിയുടെ മരണമണി മുഴക്കുന്നു. രാസവളങ്ങളും കീടനാശിനികളും കൃഷിയേയും ഭൂമിയേയും മാത്രമല്ല കൃഷിക്കാരനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിത്തുകളുടെ നിയന്ത്രണം പൂർണ്ണമായും കർഷകനു വേണമെന്നാണ് ഇൻഫാമിന്റെ നിലപാട്. കാർഷിക പുരോഗതി കർഷകന്റ



കണ്ടുപിടുത്തങ്ങളിൽ നിന്നാണുണ്ടാകേണ്ടത്. പ്രഗത്ഭരായ കർഷക ശാസ്ത്രജ്ഞന്മാരുടെ മണ്ണാണ് കേരളം. കർഷകന്റെ അറിവും ബുദ്ധിയും കഴിവും ശാസ്ത്രത്തിന്റെ പിൻബലത്തോടെ കർമ്മനിരതമാക്കാനുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത്.

ജലം ജീവനാണ്. ജലസംഭരണ സംരക്ഷണ വിനിമയം പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ ഫലപ്രദമാകണം. കാലങ്ങൾ മാറുന്നതിനനുസരിച്ച് കുടിവെള്ള പ്രശ്നങ്ങൾ അതിരൂക്ഷമാകുന്നു. കൃഷിക്കാവശ്യമായ വെള്ളസംഭരണത്തിനുള്ള പദ്ധതികളും കാര്യക്ഷമമാകുന്നില്ല. എക്കാലവും നിലനിൽക്കുന്ന കൃഷി ജൈവകൃഷിയാണെന്നതിൽ സംശയമില്ല. ആധുനിക തലമുറയെ ജൈവകൃഷിയുടെ തലങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതികളിൽ വരുംനാളുകളിൽ ഇൻഫാം കൂടുതൽ സജീവമാകുകയാണ്.

ഇന്ത്യൻ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 1940 കളിലെ ഗ്രോമോർ ഫുഡ് പദ്ധതിയും 1950 കളിലെ ഭക്ഷ്യനാണ്യ ഉല്പാദനപദ്ധതിയും 1968 ലെ ഹരിതവിപ്ലവവും കാർഷികമേഖലയ്ക്ക് കൂടുതൽ ഉണർവ്വേകി. എന്നാൽ 1990 കളിലെ ഉദാരവൽക്കരണവും തുടർന്ന് ആഗോളവിപണിക്കായി രാജ്യത്തെ തുറന്നുകൊടുത്തതും 1995 ൽ ഗാട്ട് കരാറിനെത്തുടർന്ന് ലോകവ്യാപാരസംഘടനയുടെ നിബന്ധനകൾക്ക് വിധേയമായതും ഏറ്റവും വെല്ലുവിളിയുയർത്തിയത് കാർഷികമേഖലയ്ക്കാണ്. 2004-ലെ ആസിയാൻ കരാറും 2009-ൽ ആസിയാൻ രാജ്യങ്ങളുമായുള്ള ചരക്കുഗതാഗത നിയന്ത്രണം എടുത്തുകളഞ്ഞ് സ്വതന്ത്രവ്യാപാരത്തിലേർപ്പെട്ടതും ഇന്ത്യൻ കാർഷികവിപണിയുടെ തകർച്ചയ്ക്കിടയാക്കി. ഇത്തരം രാജ്യാന്തര കരാറുകളുടെ അനന്തരഫലമാണ് നാമിന്ന് അനുഭവിക്കുന്ന കാർഷികപ്രതിസന്ധി.

ആരോഗ്യപൂർണ്ണമായ ഒരു കാർഷിക സംസ്കാരത്തിനുമാത്രമേ നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് ശക്തി പകരുന്ന ആഭ്യന്തര കമ്പോളം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കർഷകരെ മറന്നുള്ള ഉദ്യോഗസ്ഥ ഭരണ രാഷ്ട്രീയ നേതൃത്വങ്ങളുടെ വികലമായ വികസന അജണ്ടകൾ ഭാരതത്തിന്റെ ഭക്ഷ്യഉല്പാദനത്തിലും ധാന്യഉപഭോഗത്തിലും ഇന്ന് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷ്യസുരക്ഷയെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോഴും zero poverty സ്വപ്നം മാത്രമായി നിലനിൽക്കുന്നു. ഗ്രാമീണ കാർഷിക മേഖലകളിൽ സർക്കാരിന്റെ വികസന ചെലവുകൾ ഗണ്യമായി വെട്ടിച്ചുരുക്കുക മാത്രമല്ല കർഷകരെ രണ്ടാംതരം പൗരന്മാരായി കാണുന്ന മനോഭാവം രൂപപ്പെടുകയും ചെയ്തിരിക്കുന്നത് നിരാശാജനകമാണ്.

സർക്കാർ സഹായത്തോടെ നടത്തുന്ന കാർഷിക ഗവേഷണങ്ങളുടെ സദ്ഫലങ്ങൾ കർഷകർക്ക് എത്തിക്കുന്നതിലും പ്രായോഗിക നടപടികളിലും ഭരണ സംവിധാനങ്ങൾ വിജയിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തപ്പെടണം. ഭക്ഷ്യധാന്യങ്ങളുടെ പൊതുസംഭരണവും, വിതരണവുമിന്ന് കാര്യക്ഷമമല്ല. കർഷകർക്ക് ന്യായവിലയ്ക്കുള്ള ഒരു നിശ്ചിത കമ്പോളം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉല്പാദന വർദ്ധനവിനുള്ള സാഹചര്യവും ഇല്ലാതായിരിക്കുന്നു.

കർഷകർക്കുള്ള വിത്തും, വളവും വൻതോതിൽ വെട്ടിക്കുറച്ചതും, വളം, വൈദ്യുതി തുടങ്ങിയവയ്ക്ക് ഉണ്ടായിരുന്ന സബ്സിഡികൾ നിർത്തലാക്കിയതും, കാര്യക്ഷമമായ ബദൽ സംവിധാനങ്ങളേർപ്പെടുത്താതെ നോട്ടുപിൻവലിച്ചതും, സഹകരണപ്രസ്ഥാനങ്ങൾക്ക് സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും, ഗ്രാമീണ കാർഷിക മേഖലയിലെ പ്രതിസന്ധികൾ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നതുകൂടാതെ സ്ഥിരതയുള്ള ഉല്പന്നകമ്പോളവും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാർ ഏർപ്പെടാനൊരുങ്ങുന്ന വിവിധ രാജ്യാന്തര കാർഷിക കരാറുകൾ ആഭ്യന്തര കാർഷികമേഖലയിൽ വരും നാളുകളിൽ കൂടുതൽ വെല്ലുവിളികളുയർത്തും. സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി (ആർസിഇപി) യിലൂടെ ഇന്ത്യയും ചൈനയും ആസിയാൻ രാജ്യങ്ങളുമുൾപ്പെടെ 16 രാജ്യങ്ങൾ ചേർന്നുള്ള ഒറ്റ കമ്പോളം രൂപപ്പെട്ടുവരുന്നു. നികുതിരഹിത ഇറക്കുമതിയാണ് ഈ ഉടമ്പടിയുടെ പ്രധാനലക്ഷ്യം. വാണിജ്യതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കർഷകനേയും കാർഷികമേഖലയേയും ബലികൊടുക്കുന്ന സാഹചര്യം ആശങ്കയുളവാക്കുന്നു. രാജ്യാന്തര കാർഷിക ഉടമ്പടികളിലൂടെ നേരിടാവുന്ന വെല്ലുവിളികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും ബദൽസംവിധാനമൊരുക്കുവാനുമുള്ള പ്രവാചകദൗത്യം നിർവഹിക്കുവാൻ ഓരോരുത്തരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള കർഷകസമൂഹത്തിൽ ഒരു കൊടുങ്കാറ്റുപോലെ ഒന്നരപതിറ്റാണ്ടുമുമ്പ് ഇൻഫാം ആഞ്ഞടിച്ചപ്പോൾ ജനമിളകി. അധികാര കേന്ദ്രങ്ങൾ ഞെട്ടി. പുത്തൻ കാർഷിക സംസ്കാരത്തിന്റെ നാമ്പുകൾ പൊട്ടിമുളച്ചു. വർഷങ്ങളായുള്ള അതിന്റെ അലയടികൾ ഈ മണ്ണിൽ ഇന്നും നിലനിൽക്കുന്നു. കഴിഞ്ഞ നാളുകളിലെ അനുഭവങ്ങളും നൊമ്പരങ്ങളും നേട്ടങ്ങളും ഉള്ളിലൊതുക്കി കർഷകരുടെ ഉയർത്തെഴുന്നേല്പ്പിനുള്ള അവസരമാണിത്.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള രണ്ടാം കരടു



വിജ്ഞാപനത്തിന്റെ കാലാവധി 2017 മാർച്ച് 4-ന് അവസാനിക്കുന്നതിനു മുമ്പായി പശ്ചിമഘട്ടജനതയുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന നെല്ല്, റബർ, തെങ്ങ്, കോഴിവളർത്തൽ, ക്ഷീരോല്പാദനം തുടങ്ങി വിവിധ മേഖലകളിലുള്ള കർഷകരുടെ പ്രശ്നങ്ങളെ സർക്കാരുകൾ നിസ്സാരവൽക്കരിച്ചുകാണുന്നത് വേദനാജനകമാണ്. CRZ നിയമം അടിച്ചേൽപ്പിച്ച് തീരദേശജനതയുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന സാഹചര്യമാണുള്ളത്.

മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചിലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

നമ്മുടെ യൂണിറ്റുകൾ, രൂപത, ജില്ലാ കമ്മറ്റികൾ കൂടുതൽ സജീവമാക്കണം. മലനാട്ടിലും ഇടനാട്ടിലും തീരദേശത്തുമുള്ള കർഷകപ്രസ്ഥാനങ്ങൾ സംഘടിച്ച് ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങുന്നത് കൂടുതൽ പ്രതീക്ഷയേകുന്നു. കർഷകപ്രസ്ഥാനങ്ങൾ എന്നതിനുപരി കർഷകജനതയുടെ നിലനിൽപിനായി ജനാധിപത്യസംവിധാനത്തിൽ കൂടുതൽ പങ്കാളിത്തമുള്ള തിരുത്തൽ ശക്തിയായി നാം നാളെകളിൽ മാറേണ്ടിയിരിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ തളരാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

NB: 2017 ജനുവരി 8-ാം തീയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതക്കച്ചേരി

**C. 1/2017 മോൺ. ഡോ. ജോർജ് കുരുക്കൂറിന് സ്ഥാനചിഹ്നങ്ങൾ നല്കി**

സഭാപണ്ഡിതനും മാറാടി ഇടവകാംഗവുമായ റവ. ഡോ. ജോർജ് കുരുക്കൂറിന് കത്തോലിക്കാസഭയുടെ 'ചാപ്ലയിൻ ഓഫ് ഹോളി ഫാദർ' (മോൺസിഞ്ഞോർ) പദവിയുടെ സ്ഥാനചിഹ്നങ്ങൾ, കെസിബിസി ആസ്ഥാനമായ പാലാരിവട്ടം POC-യിൽ വച്ച് കെസിബിസി പ്രസിഡന്റ് മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ അണിയിച്ചു. ഗ്രന്ഥകാരൻ, വിവർത്തകൻ, ബഹുഭാഷാപണ്ഡിതൻ തുടങ്ങിയ നിലകളിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികം കേരളസഭയ്ക്കു നൽകിയ സേവനത്തെ മാനിച്ചാണ് മോൺ. ജോർജ്ജ് കുരുക്കൂറിന് ബഹുമതി നൽകിയത്. മാർപാപ്പാമാരുടെ ചാക്രികലേഖനങ്ങൾ, അപ്പസ്തോലിക പ്രബോധനങ്ങൾ തുടങ്ങി ഇരുനൂറോളം ഡോക്യുമെന്റുകൾ വിവർത്തനം ചെയ്തിട്ടുണ്ട്. പിഒസി ബൈബിളിന്റെ തർജ്ജമയിലും അദ്ദേഹം സഹകാരിയായിരുന്നു. മോൺസിഞ്ഞോർ പദവി സ്വീകരിച്ച ബഹു. ജോർജ് കുരുക്കൂർ അച്ചന് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Bishop

**C. 2/2017 സഭൈക്യവാരം**

2017 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായി നീക്കിവച്ചിരിക്കുന്ന ദിവസങ്ങളാണ്. 2017 ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തനവിഷയം 2 കോറി. 5:14–20 ഭാഗത്തെ അടിസ്ഥാനമാക്കി "ക്രിസ്തുവിന്റെ സ്നേഹം നിർബന്ധമായും ആവശ്യപ്പെടുന്ന അനുരഞ്ജനം" എന്നതാണ്. സഭൈക്യത്തിനായി ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി വരുന്ന കേരളത്തിലെ ക്രൈസ്തവസഭകൾക്ക് വിശിഷ്യ കത്തോലിക്കാസഭയ്ക്ക് ഈ പ്രാർത്ഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്താൻ ശ്രദ്ധിക്കുമല്ലോ.

Bishop



**C. 3/2017 പ്രേഷിതവാരാചരണം**

2017 ജനുവരി 6 മുതൽ 12 വരെ തീയതികളിൽ സീറോമലബാർ സഭ പ്രേഷിതവാരം ആചരിക്കുകയാണ്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. പ്രേഷിതവാരാചരണത്തിനുള്ള കൈപ്പുസ്തകവും വാൾപോസ്റ്ററുകളും പ്രാർത്ഥനാ കാർഡുകളും സംഭാവന ശേഖരിക്കുന്നതിനുള്ള കവറുകളും ഇടവകകളിൽ എത്തിച്ചിരുന്നു. ഇടവകയിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ജനുവരി 30-ാം തീയതിക്കകം രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

Bishop

**C. 4/2017 ലോകസമാധാന ദിനം**

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തിയതി ലോകസമാധാന ദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ സ്ഥാപിതമാകാൻ നമുക്ക് പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആചരിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുവാനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുവാനുമുള്ള പ്രചോദനം ഈ ദിനാചരണം നമുക്ക് നല്കട്ടെ.

Bishop

**C.5/2017 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമ വാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 35-ാം ചരമവാർഷികം 2017 ഫെബ്രുവരി 6-ാം തീയതി തിങ്കളാഴ്ചയാണ്. പരേതനായ പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

Bishop

**C. 6 /2017 Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, February 7, 2017 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

Bishop

**C. 7 /2017 Notification**

This is to notify that Fr. Joseph Alappatt (Jino Varghese), a priest

belonging to the parish of Arikuzha in the Eparchy of Kothamangalam and ascribed to the Eparchy of Satna is deposed from clerical state as per provisions of CCEO 1453, 1-2 with immediate effect. Hence he is forbidden to exercise priestly ministry in any diocese or place.

Bishop

### *C. 8 /2017* "CARE A FAMILY" PROJECT

2015-ൽ നടന്ന എപ്പാർക്കിയൽ അസംബ്ലിയുടെ കർമ്മപദ്ധതിയായ വിഷൻ 2020-ന്റെ പശ്ചാത്തലത്തിൽ കാരുണ്യവർഷാചരണത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് "CARE A FAMILY" എന്ന പേരിൽ ഒരു കുടുംബക്ഷേമ പദ്ധതി രൂപതയിൽ തുടങ്ങുവാൻ ആഗ്രഹിക്കുന്നു. ഈ പദ്ധതിയിൽ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് 3 വർഷത്തേക്ക് പ്രതിമാസം 1000 രൂപ വീതം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയോട് സഹകരിക്കാൻ സന്മനസുള്ള സ്പോൺസർമാരുടെ സംലഭ്യതയനുസരിച്ചായിരിക്കും കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. സ്പോൺസർമാരാകുവാൻ താത്പര്യമുള്ള ഏവർക്കും സ്വാഗതം.

Bishop

### *C. 9 /2017* കുടുംബകല്ലറ നിരക്ക്

കല്ലറകൾ പണിയുന്നതിന്റെ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് കല്ലറകളുടെ പണിക്കൂലി 25,000 രൂപയാക്കി നിജപ്പെടുത്തിയിരുന്നത് 30,000 രൂപയാക്കി ഉയർത്തുവാൻ 2016 ഡിസംബർ 20-ാം തിയതി ബിഷപ്സ് ഹൗസിൽ ചേർന്ന വൈദിക സമിതിയുടെ നിർദ്ദേശപ്രകാരം തീരുമാനിച്ചിരിക്കുന്നു. ഇനി മുതൽ കുടുംബകല്ലറയുടെ തുക 50,000 രൂപയും പണിക്കൂലിയായ 30,000 രൂപയും ചേർന്ന് 80,000 രൂപയായിരിക്കും രൂപതക്കച്ചേരിയിൽ നിന്നും അനുവാദം വാങ്ങി ഉയർന്ന തുക നിശ്ചയിച്ചിട്ടുള്ള ഇടവകകൾ 30,000 രൂപ പണിക്കൂലി ഒഴിവാക്കിയുള്ള തുക തിരട്ടിൽ ചേർക്കേണ്ടതാണ്.

Bishop

### *C.10 /2017* വൈദികരുടെ അലവൻസ്

കോതമംഗലം രൂപതയിലെ വൈദികരുടെ പ്രതിമാസ അലവൻസ് 2017 ജനുവരി മാസം മുതൽ 12,000 രൂപയായിരിക്കും. ഇതിൽ 3500 രൂപ ഭക്ഷണത്തിനുള്ള അലവൻസായി പരിഗണിക്കേണ്ടതാണ്. മഠങ്ങളിൽ നിന്നും ഭക്ഷണം ക്രമീകരിച്ചിട്ടുള്ളവർ 3500 രൂപയാണ് പ്രതിമാസം നല്കേണ്ടത്.



Bishop

### *C.11 /2017* പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

പ്രതിനിധിയോഗത്തിന്റെ കാലാവധി 3 വർഷമാണ് (നിയമസംഗ്രഹം ന. 255). എന്നാൽ "തുടർച്ചയായി ഒരു വ്യക്തി 2 പ്രാവശ്യമേ തിരഞ്ഞെടുക്കപ്പെടാവൂ" എന്ന നിയമം രൂപതാനിയമസംഗ്രഹം ന. 251-ൽ 8-ാം ഖണ്ഡികയായി ഇതിനാൽ കൂട്ടിച്ചേർക്കുന്നു.

Bishop

### *C. 12/2017* വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടുകൾ ജനുവരി 30-നകം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അടുത്തവർഷത്തെ റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2017 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി വയ്ക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

Protosyncellus

### *C. 13/2017* ദിവ്യകാരുണ്യത്തിന്റെ അസാധാരണ ശുശ്രൂഷകർക്കുവേണ്ടിയുള്ള ക്ലാസ്സ്

ദിവ്യകാരുണ്യത്തിന്റെ അസാധാരണ ശുശ്രൂഷകർക്കായുള്ള ക്ലാസ്സ് ജനുവരി 25-ാം തീയതി വൈകിട്ട് 5.00 മുതൽ 26-ാം തീയതി വൈകിട്ട് 4.00 മണി വരെ മൂവാറ്റുപുഴ നെസ്റ്റിൽ നടക്കുന്നു. പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്മാർ വഴി ജനുവരി 15-ാം തീയതിക്കകം പേരുകൾ നല്കേണ്ടതാണ്. അസാധാരണ ശുശ്രൂഷികളുടെ ഔദ്യോഗിക വസ്ത്രം വരുന്നവർ കരുതേണ്ടതാണ്.

Syncellus

### *C. 14/2017* വൈദികരുടെ സ്റ്റഡിഫോറം

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച നിയമങ്ങളും ഗവൺമെന്റ് നിലപാടുകളും മാറിവരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സംശയങ്ങൾ ദുരീകരിക്കുന്നതിനുമായി ജനുവരിമാസം 17, 24 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രാവിലെ 10 മുതൽ 1.00 മണി വരെ രൂപതാ വൈദികരുടെ സ്റ്റഡിഫോറം നടക്കുന്നു. കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ, കാളിയാർ, മൂവാറ്റുപുഴ എന്നീ ഫൊറോനകളിലുള്ളവർ 17-ാം തീയതിയും ബാക്കി 7 ഫൊറോനകളിലുള്ളവർ 24-ാം തീയതിയുമാണ് സ്റ്റഡിഫോറത്തിൽ പങ്കെടുക്കേണ്ടത്. ഏതെങ്കിലും കാരണവശാൽ നിർദ്ദഷ്ട സ്റ്റഡിഫോ

റത്തിൽ പങ്കെടുക്കാൻ കഴിയാത്തവർ അക്കാര്യം രൂപതാപ്രൊക്കുറേറ്ററെ അറിയിക്കേണ്ടതും ഏതെങ്കിലും ഒരെണ്ണത്തിൽ നിർബന്ധമായും സംബന്ധിക്കേണ്ടതുമാണ്.

*Syncellus*

### *C. 15/2017* Monthly Recollection for Priests
### *Topic for discussion in February*

Read in common Nos 606-618 of Catechism of the Catholic Church.

*Syncellus*

### *C. 16/2017* Pastoral Visits - January

| | |
|---|---|
| Neendapara | 15-01-2017 |
| Kalayanthani | 22-01-2017 |
| Thalayanadu | 29-01-2017 |

*Chancellor*

### *JS.1/2017* ജൂബിലി സ്മാരക സ്കോളർഷിപ്പ്

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി മെമ്മോറിയൽ ആയി സ്ഥാപിച്ച സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2016 ഡിസംബർ 17-ാം തീയതി ശനിയാഴ്ച ബിഷപ്പ്സ് ഹൗസിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 28 വിദ്യാർത്ഥികൾക്ക് 25,000 രൂപ വീതമാണ് നല്കിയത്. ഇവരുടെ പേരുവിവരങ്ങൾ ഡിസംബർ മാസത്തിലെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 101 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാപരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 28 പേരെ തെരഞ്ഞെടുത്തത്.

*Secretary*

### *Pr.C.1/2017* REPORT OF THE PRESBYTERAL COUNCIL HELD ON TUESDAY, DECEMBER 20, 2016

An ordinary meeting of the Presbyteral Council was held on Tuesday 20th December 2016 at the Bishop's House. His Excellency Mar George Madathikandathil presided over the meeting. Thirty two members participated. The meeting started with a prayer at 10.00 am. The Protosyncellus V. Rev. Mgr. George Oliapuram welcomed the



participants. After the report of the previous meeting the president delivered the introductory talk and introduced the topics for discussion.

In the introductory talk the president made special reference to the Jubilee Year of Mercy and thanked all the priests of the diocese for their wholehearted cooperation and support. Several acts of mercy, both spiritual and corporeal, were implemented in the parishes in the Year of Mercy. It was informed that the reports given from the parishes and institutions would be consolidated and published and made available in the parishes.

The president then introduced to the members the "CARE A FAMILY" Project for the integral development of families, which was to be implemented as a continuation of the Year of Mercy and in the context of Vision 2020. It was clarified that it would be a program for mutual aid. Selected families would be given Rs. 1000 each every month for three years and the beneficiaries would be duty bound to pray for the benefactors every day. The president encouraged all members to support this project assuming the role of sponsors themselves and finding other sponsors to favour the cause of the poor and the needy.

After referring to some of the current concerns of the Church, which needs crucial attention, such as the tremendous increase in marriage cases, the decreasing number of the youth in the parishes due to migration, the need of reducing the gap between the parish priests and the parishioners, and the like, the topics for discussion were introduced.

The first topic on the agenda was the allowance given to priests. Considering the general consensus of the council that priests need sufficient and reasonable *honorarium* it was resolved to increase the monthly allowance to Rs. 12, 000 from January 2017 onwards. This amount comprises the food allowance, which is Rs. 3500. To the query regarding the allowance given to those priests in the educational institutions, the president replied that it would be decided after consulting the concerned persons.

Next topic on the agenda was the recording of annual confessions. Though some of the members opined that it would be impractical to record such things every year, it was decided to continue the tradition in parishes where it could be recorded without much difficulty.

With regard to the family tombs, taking the inflation into consideration it was decided to raise the amount for construction from 25, 000 to 30, 000. From January 2017 onwards the amount for family

tombs would be Rs. 50, 000 plus the amount for construction (Rs. 30,000), i.e., altogether Rs. 80, 000. It was further explained that if a parish fixed a higher amount with due permission, the amount after having deducted the amount for construction (Rs. 30, 000) would be included in *Thirattu* Fee.

There was also discussion on the new software for accounting. The president informed the members that the new software for accounting, prepared as per the principles of accounting, was ready for use and encouraged all members to digitalize their accounting system and to keep the accounts at least for six years for verification. It was also informed that there would be a Study Forum each on 17th and 24th January to update information regarding accounting, taxation and so on.

Regarding the term and re-election of parish council members, it was resolved to fix a maximum of two consecutive terms comprising three years each. Regarding some of the problems related to the Catechetical Halls and the territory of the parishes, the president assured that the parish priests would be given directives during the next *presbyterium* in February 2017.

Following this, the accounts of various institutions were presented and clarifications were made.

Finally, V. Rev. Fr. George Thanathuparambil extended Christmas and New Year greetings to all. The meeting came to an end by 1.00 pm.

*Secretary*

*PC.1/2017* **പാസ്റ്ററൽ കൗൺസിൽ 2016 ഡിസംബർ 17**

രൂപത അജപാലനസമിതിയുടെ സമ്മേളനം 2016 ഡിസംബർ മാസം 17-ാം തീയതി ശനിയാഴ്ച അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ നടന്നു. യോഗത്തിൽ 102 പേർ പങ്കെടുത്തു.

സ്നേഹഗിരി പ്രൊവിൻഷ്യൽ റവ. സി. ക്രിസ്റ്റി SMS നയിച്ച പ്രാർത്ഥനയോടെ രാവിലെ 10.00 മണിക്ക് യോഗം ആരംഭിച്ചു. രൂപത സിഞ്ചെല്ലൂസ് പെരിയ ബഹു. മോൺ. ജോർജ് കാര്യാമഠം ഏവർക്കും സ്വാഗതം ആശംസിച്ചു. പരിശുദ്ധ പിതാവിൽനിന്നും "ചാപ്ലെയിൻ ഓഫ് ഹോളി ഫാദർ" എന്ന പദവി ലഭിച്ച റവ. ഡോ. ജോർജ് കുരുക്കൂരിനെ അഭിവന്ദ്യ പിതാവ് അജപാലന സമിതിയുടെ പേരിൽ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. ബഹു. ജോർജ് കുരുക്കൂർ അച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആരംഭിക്കുന്ന ദിനമായിരുന്നു അത്.



റിപ്പോർട്ട് അവതരണത്തിനുശേഷം നടന്ന പ്രഭാഷണത്തിൽ കാരുണ്യവർഷത്തിൽ ചെയ്ത കാരുണ്യ പ്രവർത്തികൾ അനുസ്മരിച്ച് അഭിവന്ദ്യ പിതാവ് ഏവർക്കും നന്ദി പറഞ്ഞു. ഈ വർഷാചരണത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് എപ്പാർക്കിയൽ അസംബ്ലിയുടെ കർമ്മപദ്ധതിയായ വിഷൻ 2020 യുടെ പശ്ചാത്തലത്തിൽ രൂപതയിൽ "CARE A FAMILY" എന്ന പേരിൽ പുതുതായി ആരംഭിക്കാൻ പോകുന്ന കുടുംബക്ഷേമപദ്ധതി പരിചയപ്പെടുത്തുകയും അതിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെടുന്ന നിർധനകുടുംബങ്ങൾക്ക് 3 വർഷത്തേക്ക് മാസം തോറും 1000 രൂപ വീതം നല്കുന്ന പദ്ധതിയാണിത്.

കുടുംബപ്രേഷിതശുശ്രൂഷകളിൽ അല്മായരുടെ പങ്കാളിത്തം പ്രധാനപ്പെട്ടതാണെന്നും അത് ഇനിയും വർദ്ധിപ്പിക്കണമെന്നും ജീവന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതിമലിനീകരണം ഇല്ലാതാക്കാൻ സഭാമക്കൾ മുൻകൈ എടുക്കണമെന്നും അഭിവന്ദ്യ പിതാവ് ഊന്നിപ്പറഞ്ഞു. ഇന്നത്തെ സാമൂഹ്യചുറ്റുപാടിൽ സാധാരണ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എത്രയും വേഗം പരിഹരിക്കപ്പെടും എന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

പള്ളിക്കു വിട്ടുകൊടുക്കുന്ന സ്ഥലത്തിൻമേൽ ദാതാക്കൾക്ക് പിന്നീട് അവകാശം ഉണ്ടായിരിക്കുന്നതല്ല; മരണശേഷം മൃതശരീരം ദഹിപ്പിക്കുന്നതിനു സഭ അനുവദിക്കുന്നുണ്ടെങ്കിലും അതു വിശ്വാസത്തിനു വിരുദ്ധമായ പ്രവർത്തി ആകുവാൻ പാടില്ല എന്നതാണു സഭാനിയമം എന്നീ കാര്യങ്ങൾ മുൻകൂട്ടി ലഭിച്ച ചോദ്യങ്ങൾക്കു മറുപടിയായി അഭിവന്ദ്യ പിതാവ് വിശദീകരിച്ചു.

തുടർന്നു നടന്ന ചർച്ചകളിൽ ഏവരും സജീവമായി പങ്കുചേർന്നു. നോട്ടുപ്രതിസന്ധിയും റേഷൻ വിതരണം മുടങ്ങിയതും ചർച്ചയ്ക്കു വിഷയമായി. നവംബർ മാസം മുതൽ മുടങ്ങിയ റേഷൻ വിതരണം പുനഃരാരംഭിക്കണമെന്നും നോട്ടുപിൻവലിക്കൽ മൂലമുണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിക്കാൻ സത്വര നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച പ്രമേയം യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

ക്രിസ്തുവിന്റെ പെസഹാ ആചരണം ചിത്രീകരിക്കുന്ന അന്ത്യഅത്താഴം എന്ന സുപ്രസിദ്ധമായ പെയിന്റിംഗ് വികലമായി അനുകരിച്ചുകൊണ്ട് ഭാഷാപോഷിണി മാസികയുടെ ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ചിത്രീകരണം ക്രിസ്ത്യാനികളുടെ മതാവബോധത്തെയും മതചിഹ്നങ്ങളെയും ആഴത്തിൽ പരിഹസിക്കുന്നതും പ്രത്യേകമായി കത്തോലിക്ക സമൂഹത്തെയും സന്യാസജീവിതത്തെയും അവ

ഹേളിക്കുന്നതുമാണ് എന്നും എന്നാൽ മലയാള മനോരമയുടെ നേതൃസ്ഥാനത്തുള്ളവർ ക്ഷമാപണം നടത്തുകയും KCBC തലപ്പത്തുള്ള സഭാമേലദ്ധ്യക്ഷൻമാരുമായി ബന്ധപ്പെട്ട് മേലിൽ ഇപ്രകാരം ഒരു സാഹചര്യം ഉണ്ടാവുകയില്ലെന്ന ഉറപ്പുതരികയും ചെയ്ത സാഹചര്യത്തിൽ ഇനി പ്രതികരിക്കേണ്ടതില്ലെന്നും യോഗം വിലയിരുത്തി.

ഈ രൂപതയിൽപ്പെട്ട പാണിയേലി എന്ന സ്ഥലത്ത് പ്രദേശവാസികളുടെ ജീവന് ഭീഷിണിയായി നിരന്തരമുണ്ടാകുന്ന ആന ശല്യത്തിന്റെയും ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ജനജീവിതത്തിന് സുരക്ഷിതത്വം നല്കുവാൻ വേണ്ടതായ നിയമനിർമ്മാണം ഉണ്ടാക്കുവാൻ അധികാരപ്പെട്ടവർ ശ്രദ്ധിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി സ്മാരകമായി ഏർപ്പെടുത്തിയ സ്കോളർഷിപ്പിന് അർഹത നേടിയ പ്രൊഫഷനൽ വിദ്യാഭ്യാസം നടത്തുന്ന 28 വിദ്യാർത്ഥികൾക്ക് 25,000 രൂപ വീതം വിതരണം ചെയ്തു.

തുടർന്ന്, രൂപതയുടെയും വിവിധ സ്ഥാപനങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ച് അംഗങ്ങളുടെ സംശയങ്ങൾക്കു മറുപടി നല്കി.

പാസ്റ്ററൽ കൗൺസിൽ അംഗമായിരുന്ന ശ്രീ. ലൂക്കാച്ചൻ നമ്പ്യാപറമ്പിലിന്റെ നിര്യാണത്തിൽ അഭിവന്ദ്യ പിതാവ് അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി അംഗങ്ങൾ നിശബ്ദമായി പ്രാർത്ഥിക്കുകയും ചെയ്തു.

ശ്രീമതി ആനി ഇളയിടം ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു സംസാരിച്ചു. പെരിയ ബഹു. മോൺ. ജോർജ് ഓലിയപ്പുറം കൃതജ്ഞത പറഞ്ഞു. ഉച്ച കഴിഞ്ഞ് 3.00 മണിയോടെ യോഗം സമാപിച്ചു.

സെക്രട്ടറി

## മൈനർ സെമിനാരി

*MS 1 /2017* **ക്രിസ്മസ് ആഘോഷം**

മൈനർ സെമിനാരിയിലെ ക്രിസ്മസ് ആഘോഷം ഡിസംബർ 22-ാം തീയതി അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ബ്രദേഴ്സ് ആലപിച്ച കരോൾഗാനം ഏറെ ഹൃദയഹാരിയായിരുന്നു.

*MS 2 /2017* **ദൈവവിളിക്യാമ്പ്**

2016 ഡിസംബർ 27, 28 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളിക്യാമ്പ് നടന്നു. ബഹു. ആന്റണി പുത്തൻകുളം അച്ചൻ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ ഫാ. മാത്യു അത്തിക്കൽ, ഫാ. അഗസ്റ്റിൻ പടിഞ്ഞാറേക്കുറ്റ്, പ്രൊഫ. ജെന്നി അലക്സ് എന്നിവർ ക്ലാസുകൾ നയിച്ചു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവം നന്ദി.



*MS 3 /2017* **Parents' Day- Degree Students**

വിവിധ കോളേജുകളിൽ ഡിഗ്രി പഠനം നടത്തിക്കൊണ്ടിരിക്കുന്ന ബ്രദേഴ്സിന്റെ മാതാപിതാക്കൾ ഡിസംബർ 9 ശനിയാഴ്ച മൈനർ സെമിനാരിയിൽ ഒരുമിച്ചുചേർന്നു. വി. കുർബാനയ്ക്കുശേഷം ന്യൂമാൻ കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട് ക്ലാസ്സ് നയിച്ചു. അഭിവന്ദ്യ പിതാവിന്റെ സമാപനസന്ദേശത്തോടെ പേരന്റ്സ് ഡേ സമാപിച്ചു.

*MS 4 /2017* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | St. Antony's Church Inchoor | 12500 |
| 2 | Christ the King Church, Chilavu | 6500 |
| 3 | St. Sebastian's Church Thattakuzha | 1000 |
| 4 | Anitha Baby Pallikunnel, Muthalakodam | 20000 |
| 5 | Mar Sleeva Church, Vannappuram | 20000 |
| 6 | St. George Church, Chittoor | 8000 |
| 7 | Rev. Fr. Emmanuel Vattakkuzhy | 200000 |
